(ഡി) സർക്കാർ പ്രചരിപ്പിക്കുന്ന നയവും അനുവർത്തിക്കുന്ന നടപടികളും ഒരേദിശയിൽ ആണോ ; ഇല്ലെങ്കിൽ ആയത് ഒരേദിശയിൽ കൊണ്ടുവരാമോ ;

(ഇ) സർക്കാർ നയം സർക്കാർ തന്നെ തെറ്റിക്കുന്ന സാഹചര്യം നിലനിൽക്കുന്നുണ്ടോ ; എങ്കിൽ ആയത് ഇല്ലാതാക്കാമോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല

(സി) മദ്യത്തിന്റെ ലഭ്യത കുറച്ചുകൊണ്ട് മദ്യവർജ്ജനത്തിലൂന്നിയുള്ള മദ്യനയമാണ് ഈ സർക്കാരിന്റേത്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതുതായി ബിവറേജസ് ഔട്ട്ലെറ്റുകൾ (എഫ്.എൽ.1 ഷോപ്പുകൾ) ഒന്നും തന്നെ അനുവദിച്ചിട്ടില്ല. കഴിഞ്ഞ സർക്കാർ അനുവദിച്ചുതരവായ 12 എഫ്.എൽ.1 ഷോപ്പുകൾ തുറക്കേണ്ടതില്ലായെന്ന് തീരുമാനിക്കുകയും ചെയ്തു. എന്നാൽ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇത്തരം 33 ഔട്ട്ലെറ്റുകൾ അനുവദിച്ചിരുന്നു. ഔട്ട് ലെറ്റുകളുടെ എണ്ണത്തിൽ ഒരെണ്ണം പോലും വർദ്ധിപ്പിച്ചിട്ടില്ല.

(ഡി) മദ്യവർജ്ജനത്തിലൂന്നിയുള്ള മദ്യനയമാണ് ഈ സർക്കാരിന്റേത്. സർക്കാരിന്റെ നയവും അനുവർത്തിക്കുന്ന നടപടികളും ഒരേ ദിശയിൽത്തന്നെയാണ്. മദ്യത്തിന്റെ വിപണനം വർദ്ധിപ്പിക്കാനോ, മദ്യപാനശീലത്തെ പ്രോത്സാഹിപ്പിക്കാനോ യാതൊരുവിധ നടപടികളും സർക്കാർ സ്വീകരിച്ചു വന്നിട്ടില്ല. മറിച്ച് മദ്യ-മയക്കുമരുന്നിനെതിരെ വ്യാപകമായ ബോധവൽക്കരണം നടത്തി മദ്യപാനശീലമുള്ളവരെ അതിൽ നിന്നും പിൻതിരിപ്പിക്കാനും, പുതിയ തലമുറയെ മദ്യപാനശീലത്തിൽ നിന്നും അകറ്റി നിർത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. മദ്യപാനത്തെ ഉദാത്തവൽക്കരിക്കുന്ന സാമൂഹ്യശീലങ്ങളിൽ നിന്നും മുഴുവൻ ജനങ്ങളെയും ബോധവൽക്കരിച്ച് ഘട്ടം ഘട്ടമായി മദ്യവർജ്ജനത്തിലെത്തിക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

(ഇ) ഇല്ല. മദ്യവർജ്ജനത്തിലൂന്നിയുള്ള മദ്യനയമാണ് ഈ സർക്കാരിന്റേത്. ഈ നയം തെറ്റിക്കുന്ന ഒരു സാഹചര്യവും നിലവിലില്ല.

അടിസ്ഥാന വിവര ശേഖരങ്ങൾ സ്വകാര്യ സ്ഥാപനത്തെ ഏൽപ്പിച്ച നടപടി

26 (*746) ശ്രീ. ബി. സത്യൻ :
ശ്രീ. എം. എ. ബേബി :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുപ്രധാനമായ രഹസ്യ വിവരശേഖരങ്ങൾ കൈകാര്യം ചെയ്യുന്ന സർക്കാർ വകുപ്പുകളിൽ കടന്നുകയറാൻ സ്വകാര്യ കമ്പനിയെ അനുവദിച്ചിരിക്കുന്നത് സംബന്ധിച്ചുണ്ടായ ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആധാർ കാർഡും വോട്ടർപട്ടികയും തയ്യാറാക്കാൻ ശേഖരിച്ച വിവരങ്ങൾ ഓസ്പിയൻ ടെക്നോളജീസ് എന്ന ഒരു സ്വകാര്യ കമ്പനിക്ക് സർക്കാർ കൈമാറിയത് ഏത് തലത്തിൽ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വെളിപ്പെടുത്താമോ ;

(സി) ഈ കമ്പനിയെ ഇതിനകം എന്തെല്ലാം നിലയിലുള്ള ജോലികൾ ഏൽപ്പിച്ചിട്ടുണ്ട് : ഇ-ഫയലിംഗ് സംവിധാനമൊരുക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ടോ : കമ്പനിയെ കണ്ടെത്തിയത് ടെണ്ടറിലൂടെയാണോ ;

(ഡി) ജനങ്ങളുടെ അടിസ്ഥാന വിവരശേഖരങ്ങളുടെ സൂക്ഷിപ്പ് സ്വകാര്യ സ്ഥാപനത്തെ ഏൽപ്പിക്കാതെ സർക്കാർ നിയന്ത്രണത്തിൽ തന്നെ കൊണ്ടുവരാൻ തയ്യാറാകുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) ആധാർ സംബന്ധിച്ച വിവരങ്ങൾ സ്വകാര്യ കമ്പനിക്ക് നൽകിയെന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആധാർ കാർഡിനായി ശേഖരിച്ച വിവരങ്ങൾ ഓസ്പിയൻ ടെക്നോളജീസ് എന്ന സ്വകാര്യ കമ്പനിക്ക് കൈമാറിയിട്ടില്ല.

(സി) ഓസ്പിയൻ ടെക്നോളജീസുമായി ചേർന്നാണ് സെക്രട്ടേറിയറ്റിൽ ഡി.ഡി.എഫ്.എസ്. സംവിധാനം കെൽട്രോൺ നടപ്പിലാക്കിയത്. സെക്രട്ടേറിയറ്റിൽ ഇപ്പോൾ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫോമാറ്റിക്സ് സെന്റർ മുഖാന്തിരമാണ്.

(ഡി) ആധാർ വിവരശേഖരണത്തിനായി അഖിലേന്ത്യാ തലത്തിൽ യു.ഐ.ഡി.എ.ഐ. നൽകിയ സോഫ്റ്റ് വെയർ ആണ് ഉപയോഗിക്കുന്നത്. വിവരങ്ങൾ വിവരശേഖരണ സമയത്തുതന്നെ എൻക്രിപ്റ്റ് ചെയ്താണ് ലഭിക്കുന്നത്. ഇത് ഡിക്രിപ്റ്റ് ചെയ്യുന്നതിന് പ്രത്യേക കീയും പാസ് വേഡും നൽകി സംരക്ഷണം ചെയ്തിട്ടുണ്ട്. ജനങ്ങളുടെ അടിസ്ഥാന വിവരങ്ങൾ ആർക്കും ലഭ്യമാകാത്ത വിധത്തിൽ സർക്കാരിന്റെ ഡാറ്റാ ലഭ്യമാകാത്ത വിധത്തിൽ സർക്കാരിന്റെ ഡാറ്റാ സെന്ററിലാണ് സുരക്ഷിതമായി സൂക്ഷിച്ചിട്ടുള്ളത്.

പോലീസ് ഉദ്യോഗസ്ഥർക്കും കുടുംബങ്ങൾക്കും മെഡിക്കൽ ഇൻഷ്വറൻസ്

27 (*747) ശ്രീ. കെ. അച്ചുതൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസ് ഉദ്യോഗസ്ഥർക്കും കുടുംബങ്ങൾക്കും മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly